**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നവീകരണവും പുനരുദ്ധാരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ കിഫ്‌ബി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾ മുഖേന ഏതെല്ലാം സ്കൂൾ കെട്ടിടങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും പുതിയ ക്ലാസ് മുറികളുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിശദാംശം അറിയിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ 5 കോടി , 3 കോടി , 1 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സൗകര്യവികസനത്തിനായി 6 സ്കൂളുകൾക്ക് അനുമതി നൽകിയിരുന്നു.<br><br>ഇതിൽ 5 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട GGHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>3 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ് സ്കൂളിന്റെ DPR തയ്യാറാക്കി സാങ്കേതിക അനുമതിക്കായി നൽകിയിട്ടുണ്ട്.<br><br>1 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട 4 സ്കൂളുകളാണുള്ളത്<br><br>GHSS , ആയാപ്പറമ്പ്- സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>GBHSS , ഹരിപ്പാട് – സ്കൂളിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.<br><br>GHSS , വലിയഴീക്കൽ - സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായിട്ടുണ്ട്.<br><br>GLPS , കണിച്ചനല്ലൂർ - സ്കൂളിന്റെ DPR കിഫ്‌ബിയിൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ 5 കോടി , 3 കോടി , 1 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സൗകര്യവികസനത്തിനായി 6 സ്കൂളുകൾക്ക് അനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിൽ 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ് സ്കൂളിന്റെ DPR തയ്യാറാക്കി സാങ്കേതിക അനുമതിക്കായി നൽകിയിട്ടുണ്ട്.<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 4 സ്കൂളുകളാണുള്ളത്<br><br>GHSS , ആയാപ്പറമ്പ്- സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>GBHSS , ഹരിപ്പാട് – സ്കൂളിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.<br><br>GHSS , വലിയഴീക്കൽ - സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായിട്ടുണ്ട്.<br><br>GLPS , കണിച്ചനല്ലൂർ - സ്കൂളിന്റെ DPR കിഫ്ബിയിൽ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വളരെ കാലതാമസം നേരിടുന്നവ ഏതെല്ലാമാണെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ; | (സി) | 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ് സ്കൂളിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും നിർവ്വഹണ ഏജൻസിയെ മാറ്റിയതു മൂലം നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ നൽകിയിരിക്കുകയാണ്.<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയ GUPS കാർത്തികപ്പള്ളി സ്കൂളിന് നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ GLPS കണിച്ചനല്ലൂർ സ്കൂളിന് ഭരണാനുമതി മാറ്റി നൽകുകയുണ്ടായി. തുടർന്നാണ് DPR തയ്യാറാക്കിയിട്ടുള്ളത്. ആയതിനാലാണ് കാലതാമസം ഉണ്ടായത്.<br><br>GBHSS ഹരിപ്പാട് സ്കൂളിന് പ്ലാനിൽ ഭേദഗതി ആവശ്യമായി വന്നതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് പുതിയ പ്ലാൻ തയ്യാറാക്കേണ്ടി വന്നത് കാലതാമസത്തിന് ഇടയാക്കി.<br><br>GHSS വലിയഴീക്കൽ സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>നിർമ്മാണം പൂർത്തിയാകാത്ത 4 സ്കൂളുകളുടേയും നിർമ്മാണം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇവ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ് സ്കൂളിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും നിർവ്വഹണ ഏജൻസിയെ മാറ്റിയതു മൂലം നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ നൽകിയിരിക്കുകയാണ്.<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയ GUPS കാർത്തികപ്പള്ളി സ്കൂളിന് നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ GLPS കണിച്ചനല്ലൂർ സ്കൂളിന് ഭരണാനുമതി മാറ്റി നൽകുകയുണ്ടായി. തുടർന്നാണ് DPR തയ്യാറാക്കിയിട്ടുള്ളത്. ആയതിനാലാണ് കാലതാമസം ഉണ്ടായത്.<br><br>GBHSS ഹരിപ്പാട് സ്കൂളിന് പ്ലാനിൽ ഭേദഗതി ആവശ്യമായി വന്നതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് പുതിയ പ്ലാൻ തയ്യാറാക്കേണ്ടി വന്നത് കാലതാമസത്തിന് ഇടയാക്കി.<br><br>GHSS വലിയഴീക്കൽ സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>നിർമ്മാണം പൂർത്തിയാകാത്ത 4 സ്കൂളുകളുടേയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ